# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 396** **06.02.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുതി ഉപഭോഗം

ചോദ്യം

ശ്രീ. എ.കെ.ബാലൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് 2013 ജനുവരിയിലെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റാണെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്ത് 2013 ജനുവരിയിലെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 54 ദശലക്ഷം യൂണിറ്റാണ്.

(ബി) ജനുവരിയിലെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റാണ്; ഓരോ മേഖലയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നതിന്റെ അളവ് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) 2013 ജനുവരിയിലെ സംസ്ഥാനത്തിനകത്തുള്ള വിവിധ മേഖലയിൽ നിന്നുള്ള ഉത്പാദനം താഴെ പറയുന്ന പ്രകാരമാണ്.

| മേഖല | പ്രതിദിന ഉത്പാദനം (ദശ ലക്ഷം യൂണിറ്റ്) | വില |
|---|---|---|
| ജലവൈദ്യുതി | 7.08 | |
| കായംകുളം നിലയം | 7.16 | 11 രൂപ 38 പൈസ |
| BDPP | 0.334 | 13 രൂപ 50 പൈസ |
| KDPP | 1.38 | 10 രൂപ 61 പൈസ |
| IPP കൾ (കാറ്റ് ഉൾപ്പെടെ) | 0.22 | |
| **ആകെ** | **16.174** | |

(സി) ജനുവരിയിലെ ശരാശരി കേന്ദ്ര വിഹിതം എത്ര യൂണിറ്റ് വൈദ്യുതിയായിരുന്നു;

(സി) ജനുവരിയിലെ ശരാശരി കേന്ദ്ര വിഹിതം (കേരള ശൃംഖലയിൽ) 24.47 ദശലക്ഷം യൂണിറ്റാണ്.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് കമ്മിയായിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത്, ജലവൈദ്യുതിയും കേന്ദ്ര പൂളിൽ നിന്നുമുള്ള വൈദ്യുതിയും കൂടി ആകെ 31.56 ദശലക്ഷം യൂണിറ്റ് മാത്രമേ ലഭ്യമാകുന്നുള്ളൂ. ഊർജ്ജാവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ പ്രതിദിനം 22.44 ദശലക്ഷം യൂണിറ്റിന്റെ കമ്മിയുണ്ട്.

(ഇ) ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള പവർകട്ട്, ലോഡ് ഷെഡിംഗ്, മറ്റ് വൈദ്യുതി നിയന്ത്രണങ്ങൾ എന്നിവയിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഒരു ദിവസം ലാഭിക്കുന്നത്;

(ഇ) സംസ്ഥാനത്ത്, രാവിലെ 6 മുതൽ 9 മണി വരെയും, വൈകുന്നേരം 6.30 മുതൽ 10.30 വരെയും നിലവിലുള്ള അര മണിക്കൂർ വീതമുള്ള സൈക്ളിക് ലോഡ് ഷെഡിംഗ് വഴി ശരാശരി 1.8 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഒരു ദിവസം ലാഭിയ്ക്കുന്നത്. നിലവിലുള്ള

വൈദ്യുതി നിയന്ത്രണങ്ങൾ വഴി, വൈദ്യുതി ഉപയോഗത്തിൽ ഉണ്ടായ കുറവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

പവർകട്ട് നിലവിലില്ല.

(എഫ്) കമ്മി നികത്താൻ ഉയർന്ന വില നൽകി എത്ര യൂണിറ്റ് വൈദ്യുതിയാണ് പുറത്തുനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇപ്പോൾ വാങ്ങുന്നത്; സ്ഥാപനങ്ങളുടെ പേരും വിലയും വിശദമാക്കുമോ?

(എഫ്) കമ്മി നികത്തുന്നതിന്, പവർ എക്സ്ചേഞ്ചുകളിൽ നിന്ന് ശരാശരി 7 രൂപയിലധികംകൊടുത്തും, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യാപാരികളിൽ നിന്നും യഥാക്രമം 125 MW (6 രൂപ 36 പൈസ നിരക്കിലും), 15 MW (7 രൂപ നിരക്കിലും) വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നു. കൂടാതെ എൻ. ടി. പി. സി യുടെ കായംകുളം നിലയത്തിൽ നിന്നും പ്രതിദിനം 7.16 ദശലക്ഷം യൂണിറ്റ് ശരാശരി 11 രൂപ 38 പൈസ നിരക്കിലും വാങ്ങി വിതരണം ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ.**